ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.12.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ബ്ലൂ എക്കോണമിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ നാവികസേനയുടെ പങ്ക് നിർണായകമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu says the Navy's role is crucial in harnessing the potential of the Blue Economy.**

2. സെൻട്രൽ എക്സൈസ് ഭേദഗതി ബിൽ ലോക്സഭ പാസാക്കി.

   **Lok Sabha passes Central Excise (Amendment) Bill, 2025.**

3. സഞ്ചാർ സാഥി ആപ്പ് മൊബൈൽ ഫോണുകളിൽ മുൻകൂറായി ഇൻസ്റ്റാൾ ചെയ്യണമെന്ന് നിർബന്ധമില്ലെന്ന് കേന്ദ്രസർക്കാർ.

   **Pre-installation of Sanchar Saathi app not mandatory for mobile manufacturers; says Central Government**

4. രണ്ട് ദിവസത്തെ സന്ദർശനത്തിനായി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഇന്ന് ഇന്ത്യയിലെത്തും

   **Russian President Vladimir Putin will arrive in India today for a two-day visit.**

5. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതം; തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ട് കോടി 55 ലക്ഷം പിന്നിട്ടു.

Campaigning intensifies for the local body elections in Kerala; the number of digitized forms as part of the SIR has crossed 2.55 crore.

6. റായ്പൂർ ഏകദിനത്തിൽ ഇന്ത്യക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് നാല് വിക്കറ്റ് ജയം.

South Africa defeat India by four wickets in the Raipur ODI.

❁❁❁❁❁❁❁❁❁❁❁❁❁

## PRESIDENT TVM

സുസ്ഥിര വികസനത്തിന് ഉത്തേജനം നൽകുന്ന ബ്ലൂ എക്കോണമിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ ഇന്ത്യൻ നാവികസേന നിർണായ പങ്ക് വഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. ശംഖുമുഖത്ത് നടന്ന നാവികസേനാ ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. കടൽ വഴികൾ സുരക്ഷിതമാക്കിയും സമുദ്ര വിഭവങ്ങൾ സംരക്ഷിച്ചും നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ തടഞ്ഞും നാവികസേന രാജ്യത്തിന് കരുത്തേകുന്നതായും രാഷ്ട്രപതി പറഞ്ഞു. വിമാനത്താവളത്തിൽ നിന്നും വേദിയിലെത്തിയ രാഷ്ട്രപതിക്ക് എം എച്ച് 60 ആർ ഹെലികോപ്റ്ററുകൾ സല്യൂട്ട് നൽകി. യുദ്ധക്കപ്പലുകളായ ഐഎൻഎസ് ഇംഫാലും ഐഎൻഎസ് ഉദയഗിരിയും ഐഎൻഎസ് കമാലും ഐഎൻഎസ് കൊൽക്കത്തയും ചേർന്ന് രാഷ്ട്രപതിയെ അഭിവാദ്യം ചെയ്തു. നാവികസേനാ മേധാവി അഡ്മിറൽ ദിനേഷ് കെ ത്രിപാഠി, ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര സഹമന്ത്രിമാരായ സുരേഷ് ഗോപി, സഞ്ജയ് സേഠ്, ദക്ഷിണ നാവികസേനാ മേധാവി വൈസ് അഡ്മിറൽ സമീർ സക്സേന, തുടങ്ങിയവർ പങ്കെടുത്തു. രാഷ്ട്രപതി ഇന്ന് രാവിലെ ഡൽഹിയിലേക്ക് മടങ്ങും.

❁❁❁❁❁❁❁❁❁❁❁❁❁

## NAVY OP DEMO (INTRO)

ഇന്ന് നാവിക സേനാ ദിനം. 1971ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിൽ നാവിക സേനയുടെ പോരാട്ട വീര്യവും കരുത്തും പ്രകടമാക്കിയ ഓപ്പറേഷൻ ട്രൈഡന്റ്റിൻറെ ഓർമ്മക്കായാണ് ഡിസംബർ നാല് നാവിക സേനാ ദിനമായി ആഘോഷിക്കുന്നത്. കേരളം ഇന്നേവരെ കണ്ടിട്ടില്ലാത്ത നാവിക അഭ്യാസ പ്രകടനങ്ങളായിരുന്നു നാവിക ദിനത്തിൻറെ തലേന്നാളായ ഇന്നലെ തിരുവനന്തപുരം ശംഖുമുഖത്ത് നടന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ **സ്മിതി എം പള്ളുരുത്തി....**

(വോയിസ്)

❋❋❋❋❋❋❋❋❋❋❋❋❋

## CENTRAL EXCISE (AMENDMENT) BILL

സെൻട്രൽ എക്സൈസ് ഭേദഗതി ബിൽ ലോക്സഭ പാസാക്കി. 1944 ലെ സെൻട്രൽ എക്സൈസ് നിയമം ഭേദഗതി ചെയ്യുന്ന ബിൽ പുകയില ഉൽപ്പന്നങ്ങളുടെ എക്സൈസ് തീരുവയും സെസ്സും വർധിപ്പിക്കാൻ വ്യവസ്ഥ ചെയ്യുന്നു. പുകയില ഉപഭോഗം കുറയ്ക്കാൻ ഇത് വഴിയൊരുക്കുമെന്നും, പൗരന്മാരുടെ ആരോഗ്യത്തിന് മുൻഗണന നൽകിയാണ് ബിൽ കൊണ്ടുവരുന്നതെന്നും ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. എന്നാൽ, വില വർദ്ധന ഉപഭോഗം കുറയ്ക്കാൻ സഹായിക്കില്ലെന്നും ആളുകൾ മറ്റ് ബദലുകൾ കണ്ടെത്താനിടെയുണ്ടെന്നും കോൺഗ്രസ് എംപി കാർത്തി പി ചിദംബരം അഭിപ്രായപ്പെട്ടു.

❋❋❋❋❋❋❋❋❋❋❋❋❋

## PAN MASALA

എല്ലാ പാൻ മസാല പായ്ക്കുകളിലും ചില്ലറ വിൽപ്പന വില ലേബലിൽ പ്രദർശിപ്പിക്കണമെന്ന് കേന്ദ്ര സർക്കാർ. 2025 ലെ ലീഗൽ മെട്രോളജി രണ്ടാം (ഭേദഗതി) നിയമങ്ങൾ പ്രകാരമാണ് ഈ ഭേദഗതികൾ വരുത്തിയതെന്ന് ഉപഭോക്തൃ കാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ഭേദഗതി ചെയ്ത നിയമങ്ങൾ അടുത്ത വർഷം ഫെബ്രുവരി 1 മുതൽ പ്രാബല്യത്തിൽ വരും.

## LS- SCINDIA SANCHAR SAATHI

സഞ്ചാർ സാഥി ആപ്പ്, ഫോൺ വിവരങ്ങൾ ചോർത്താൻ ഇടയാക്കുമെന്ന പ്രതിപക്ഷ ആരോപണം തള്ളി കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ഉപയോക്താക്കൾക്ക് സ്വന്തം താത്പര്യപ്രകാരം ആപ്പ് ഉപയോഗിക്കാനും, ഫോണിൽ നിന്നും നീക്കം ചെയ്യാനും സാധിക്കുമെന്ന് മന്ത്രി ലോക്സഭയിൽ പറഞ്ഞു.

മൊബൈൽ ഫോൺ നിർമാതാക്കൾ, ഫോണുകളിൽ സഞ്ചാർ സാഥി ആപ്പ് മുൻകൂറായി ഇൻസ്റ്റാൾ ചെയ്യണമെന്ന് നിർബന്ധമില്ലെന്ന് കേന്ദ്രസർക്കാർ പ്രസ്താവനയിലൂടെ അറിയിച്ചു.

## PUTIN INDIA VISIT

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. 23-ാമത് ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. സന്ദർശനത്തിൻറെ ഭാഗമായി നിരവധി കരാറുകളിൽ ഇരു രാജ്യങ്ങളും ഒപ്പുവയ്ക്കും. വ്യാപാരം, വാണിജ്യം, ആരോഗ്യം,

വിദ്യാഭ്യാസം, ഉൾപ്പെടെയുള്ള മേഖലകളുമായി ബന്ധപ്പെട്ട കരാറുകളിലാണ് ഇന്ത്യയും റഷ്യയും ഒപ്പുവയ്ക്കുക.

## RAJNATH- RUSSIAN DM

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങും റഷ്യൻ പ്രതിരോധ മന്ത്രി ആൻഡ്രി ബെലോസോവും ഇന്ന് ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യ-റഷ്യ ഇന്റർ-ഗവൺമെന്റൽ കമ്മീഷൻ ഓൺ മിലിട്ടറി ആൻഡ് ടെക്നിക്കൽ കോ-ഓപ്പറേഷൻ മന്ത്രിതല യോഗത്തിൽ സഹ-അധ്യക്ഷത വഹിക്കും. പ്രതിരോധ മേഖലയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം ഇരു നേതാക്കളും അവലോകനം ചെയ്യുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

## MEA SAGAR BANDHU

ഓപ്പറേഷൻ സാഗർ ബന്ധുവിന്റെ ഭാഗമായി ശ്രീലങ്കയിലേക്ക് ഒരു ബെയ്‌ലി പാലവും 500 ജലശുദ്ധീകരണ കിറ്റുകളും എത്തിച്ച് ഇന്ത്യൻ വ്യോമസേന വിമാനം. ദിത്വ ചുഴലിക്കാറ്റിനെ തുടർന്ന് ഒറ്റപ്പെട്ട പ്രദേശങ്ങളിലെ റോഡ് ബന്ധം പുനഃസ്ഥാപിക്കാൻ പാലം സഹായിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം സമൂഹമാധ്യമ പോസ്റ്റിൽ പറഞ്ഞു.

## JAISHANKAR- OMAN COUNTERPART

കേന്ദ്ര വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ ഇന്നലെ ഒമാൻ വിദേശകാര്യ മന്ത്രി ബദർ അൽ - ബുസൈദിയുമായി ചർച്ച നടത്തി. ഇന്ത്യ-ഒമാൻ ഉഭയകക്ഷി സഹകരണം കൂടുതൽ ആഴത്തിലാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തതായി ശ്രീ ജയശങ്കർ സമൂഹമാധ്യമ പോസ്റ്റിൽ അറിയിച്ചു.

## ELECTION KERALA

തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് ഊർജിതം. പരമാവധി വോട്ടർമാരെ നേരിൽക്കണ്ട് വോട്ടുറപ്പിക്കാനുള്ള തിരക്കിലാണ് സ്ഥാനാർത്ഥികൾ. 75,644 സ്ഥാനാർത്ഥികളാണ് ഇക്കുറി ജനവിധി തേടുന്നത്. ഈ മാസം ഒൻപത്, പതിനൊന്ന് തീയതികളിലാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും. 244 വോട്ടെണ്ണൽ കേന്ദ്രങ്ങളാണ് ഇതിനായി സംസ്ഥാനത്തുടനീളം സജ്ജീകരിച്ചിട്ടുള്ളത്.

## RATAN U KHELKAR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി സംസ്ഥാനത്ത് ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ട് കോടി 55 ലക്ഷത്തി 14,591 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഇത് മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 91.61 ശതമാനമാണെന്നും അദ്ദേഹം അറിയിച്ചു.

## SIR - KANNUR (INTRO)

എസ് ഐ ആർ ഡിജിറ്റൈസേഷൻ നടപടികൾ സുഗമമാക്കുന്നതിന് കണ്ണൂർ ജില്ലയിൽ ക്യാമ്പുകൾ ആരംഭിച്ചു. നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ ആണ് ക്യാമ്പുകൾ പ്രവർത്തിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ....**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## IND VS SA ODI

റായ്പൂർ ഏകദിനത്തിൽ ഇന്ത്യക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് നാല് വിക്കറ്റ് ജയം. ഇന്ത്യ ഉയർത്തിയ 359 റൺ വിജയലക്ഷ്യം നാല് പന്ത് ബാക്കി നിൽക്കെ ദക്ഷിണാഫ്രിക്ക മറികടന്നു. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ, നിശ്ചിത ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 358 റൺ നേടി. മറുപടി ബാറ്റിംഗിൽ ദക്ഷിണാഫ്രിക്ക ഓപ്പണർ എയ്ഡൻ മാർക്രമിന്റെ സെഞ്ചുറി മികവിൽ ജയം സ്വന്തമാക്കുകയായിരുന്നു. പരമ്പരയിൽ ഇരുടീമുകളും 1-1 എന്ന നിലയിലാണ്. പരമ്പരയിലെ അവസാന മത്സരം മറ്റന്നാൾ വിശാഖപട്ടണത്ത് നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## IMD

കേരളത്തിന് പുറമേ ആന്ധ്രാപ്രദേശ്, മാഹി, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യത പരിഗണിച്ച് കേരളത്തിൽ തൃശൂർ, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## SABARIMALA-THRIKARTHIKA

തൃക്കാർത്തികയോടനുബന്ധിച്ച് ഇന്ന് ശബരിമല സന്നിധാനത്ത് കാർത്തിക ദീപം തെളിക്കും. വൈകിട്ട് ദീപാരാധനയ്ക്ക് മുമ്പ് തന്ത്രി തിടപ്പള്ളിയിൽ കാർത്തിക ദീപം തെളിയിച്ച ശേഷം കൽ വിളക്കുകളിലേക്ക് ദീപം പകരും.

## CHHATTISGARH MAOISTS

ഛത്തീസ്ഗഢിലെ ബിജാപൂർ ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ പന്ത്രണ്ട് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. ഏറ്റുമുട്ടലിൽ മൂന്ന് സുരക്ഷാ ഉദ്യോഗസ്ഥർ വീരമൃത്യു വരിച്ചു. രണ്ട് ഉദ്യോഗസ്ഥർക്ക് പരിക്കേറ്റു. ബിജാപൂർ-ദന്തേവാഡ അതിർത്തിയിൽ മാവോയിസ്റ്റുകളുടെ സാന്നിധ്യമുണ്ടെന്ന പ്രത്യേക ഇന്റലിജൻസ് വിവരങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ തെരച്ചിലിനിടെയായിരുന്നു ഏറ്റുമുട്ടൽ.

## P M-NATURAL FARMING

പ്രകൃതി കൃഷിയുടെ പ്രാധാന്യം എടുത്തുകാണിക്കുന്ന ലേഖനം സമൂഹമാധ്യമത്തിൽ പങ്കുവച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രകൃതിദത്ത കൃഷിരീതികൾ വിള വൈവിധ്യത്തെ പ്രോത്സാഹിപ്പിക്കുന്നതായി ശ്രീ മോദി പറഞ്ഞു. ഇന്ത്യയിലുടനീളമുള്ള ജനങ്ങളോട് പ്രകൃതിദത്ത കൃഷി രീതികൾ സ്വീകരിക്കാനും വികസിപ്പിക്കാനും അദ്ദേഹം ആഹ്വാനം നൽകി.

## INDIA - IDEA CHAIR

2026ലെ ഇൻറർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസി ആൻഡ് ഇലക്ടറൽ അസിസ്റ്റൻസിൻറെ അധ്യക്ഷ സ്ഥാനം ചീഫ് ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് കുമാർ ഏറ്റെടുത്തു. സംഘടനയുടെ 14 സ്ഥാപക അംഗരാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ചടങ്ങിൽ സ്വീഡനിലെ ഇന്ത്യൻ അംബാസഡർ അനുരാഗ് ഭൂഷൺ പങ്കെടുത്തു.

## INDIA EU FTA

ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾ സുപ്രധാന ഘട്ടത്തിലെത്തിയ സാഹചര്യത്തിൽ 40 അംഗ യൂറോപ്യൻ യൂണിയൻ സംഘം ഇന്ന് ന്യൂഡൽഹിയിൽ എത്തും. ചർച്ചകളുടെ രണ്ടാംഘട്ടമാണ് നടക്കുന്നതെന്ന് യൂറോപ്യൻ യൂണിയൻ അംബാസഡർ ഹെർവ് ഡെൽഫിൻ പറഞ്ഞു.